"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കോതമംഗലം ക്രാരിയേലി സെന്റ് മേരീസ് ഹൈസ്കൂളിലെ എഫ്.ടി.എം ശ്രീ.ബിനോയി എബ്രഹാം, സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**4648/2025/GEDN** തീയതി,തിരുവനന്തപുരം, **14-07-2025**

---

പരാമർശം:-
1. ശ്രീ ബിനോയ് എബ്രഹാം സമർപ്പിച്ച റിവിഷൻ ഹർജി
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **28-01-2025**-ലെ വിബി**4/7225/2024**-ഡി.ജി.ഇ നമ്പർ കത്ത്.
3. കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **11/02/2025** ലെ **DEOKMG/207/2025-B4** നമ്പർ കത്ത്
4. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **11/02/2025** ലെ ജി**1/721/2025** നമ്പർ കത്ത്
5. ക്രാരിയേലി സെന്റ് മേരീസ് ഹൈസ്കൂൾ മാനേജർ സമർപ്പിച്ച ഹിയറിംഗ് കുറിപ്പുകൾ
6. ശ്രീ ബിനോയി എബ്രഹാം സമർപ്പിച്ച ഹിയറിംഗ് കുറിപ്പുകൾ

**ഉത്തരവ്**

കോതമംഗലം ക്രാരിയേലി സെന്റ് മേരീസ് ഹൈസ്കൂളിലെ എഫ്.ടി.എം ശ്രീ.ബിനോയി എബ്രഹാം ടിയാനെ പിരിച്ചുവിട്ട മാനേജരുടെ നടപടിക്കെതിരെ സർക്കാരിൽ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ചുമതലപ്പെടുത്തിയതിൻ പ്രകാരം **15/02/2025**-ന് പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീ. ബിനോയ് എബ്രഹാമിന്റെ പ്രതിനിധിയെ മാനേജർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗിൽ പങ്കെടുത്തവരുടെ വാദഗതികൾ ചുവടെ ചേർക്കുന്നു.

**2.**ശ്രീ. ബിനോയ് എബ്രഹാമിന്റെ പ്രതിനിധിയുടെ വാദങ്ങൾ **i)** ശ്രീ.ബിനോയ് എബ്രഹാം **01-04-2014** മുതൽ ക്രാരിയേലി സെൻ്റ് മേരീസ് ഹൈസ്കൂളിൽ എഫ്.റ്റി.സി.എം ആയി തുടർന്നു വന്നു. **01-07-2016** മുതൽ ഒ.എ. ആയി സ്ഥാനകയറ്റം ലഭിച്ചിരുന്നു. ഒ.എ. നിയമനം അംഗീകരിക്കാതെ എഫ്.റ്റി.എം.

കാറ്റഗറിയിൽ ശമ്പളം വാങ്ങി തുടർന്നുവരവെ പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ **1141/2017** ക്രൈം നമ്പരായി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് **15-04-2017** മുതൽ **15** ദിവസത്തേക്കു സർവ്വീസിൽ വേലവിലക്ക് ഏർപ്പെടുത്തി. ക്രിമിനൽ കേസ് നടപടികൾ പൂർത്തിയാക്കാത്തതിനാൽ വേലവിലക്ക് **15** ദിവസത്തിലധികം നീട്ടി നല്കി. വേലവിലക്കിൽ തുടരവെ ശ്രീ.ബിനോയ് എബ്രഹാമിന് ക്രൈം നമ്പർ **1141/2017** ൽ നേരിട്ട് പങ്കില്ലാത്തിനാലും മുൻ ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തതിനാലും ബഹു കോടതി ജാമ്യം അനുവദിച്ചതിനാൽ മാനേജർ **29-04-2017** ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. സർവ്വീസിൽ പുനപ്രവേശിപ്പിച്ചതിന് ശേഷം **09-08-2017**ൽ സ്റ്റാഫ് റൂമിൽ നടന്ന യോഗത്തിൽ ചർച്ചക്കിടെ ശ്രീ.ബിനോയ് എബ്രഹാം പേപ്പർ കട്ടിംഗ് ബ്ലേഡ് എടുത്ത് കൈത്തണ്ട മുറിക്കുവാൻ മാനേജരുടെ മുറിയിൽ കയറി വാതിൽ അടച്ച് ആത്മഹത്യ ഭീക്ഷണി മുഴക്കി ഭീകരാന്തരീക്ഷം സൃഷ്ടിച്ചെന്ന പരാതിയിൽ ജോലിയിൽ തുടരുവാൻ അനുവദിക്കുവാൻ പാടില്ല എന്ന് മാനേജർ ജില്ല വിദ്യാഭ്യാസ ആഫീസർക്ക് എഴുതി നല്കി. ജില്ല വിദ്യാഭ്യാസ ആഫീസറുടെ അന്വേഷണത്തിൽ പരാതിക്കാരൻ കുഴപ്പക്കാരനല്ല എന്നും മാനേജരുടെ ആരോപണത്തിൽ കഴമ്പില്ല എന്നും അദ്ധ്യാപകർ മുഴുവൻ അഭിപ്രായം രേഖപ്പെടുത്തിയതിനാൽ ശ്രീ.ബിനോയ് എബ്രഹാമിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസർ നിർദ്ദേശിച്ചു.

**ii)** ഇപ്രകാരം തുടരവെ മാനേജർ ഏതാനും ചില ആരോപണങ്ങൾ ഉന്നയിച്ച് **17-12-2018** പ്രാബല്യത്തിൽ ശ്രീ. ബിനോയി എബ്രഹാമിന് വീണ്ടും വേലവിലക്ക് ഏർപ്പെടുത്തി. ജില്ലാ വിദ്യാഭ്യാസ ആഫീസർ **15** ദിവസത്തിലധികം നീട്ടി നല്കുവാൻ അനുവദിച്ചതിനാൽ മാനേജർ ശ്രീ.ബിനോയി എബ്രഹാമിൻ്റെ വേലവിലക്ക് **01-01-2019** മുതൽ മറിച്ചൊരു ഉത്തരവുണ്ടാകുന്നതുവരെ നീട്ടി നല്കി. തുടർന്ന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയതിൽ ചുവടെ ചേർക്കുന്ന കുറ്റങ്ങൾ ശ്രീ.ബിനോയ് എബ്രഹാംമിൻ്റെ പേരിൽ ആരോപിച്ചു.

**1. 10-12-2018** തിങ്കളാഴ്ച സ്കൂൾ പ്രവർത്തന സമയത്ത് പി.ടി.എ, എം.പി.ടി.എ. അംഗങ്ങൾ, സ്കൂൾ ബോർഡ് അംഗങ്ങൾ, കുട്ടികൾ ജീവനക്കാർ എന്നിവരുടെ മുന്നിൽ മാരാകായുധങ്ങളുമായി എത്തി സ്കൂൾ അന്തരീക്ഷത്തിന് യോജിക്കാത്ത രീതിയിൽ പെരുമാറുകയും തുടർന്ന് സ്കൂൾ ഓഫീസിലെ മേശവലിപ്പിൽ നിന്നും താങ്കൾ സൂക്ഷിച്ചിരുന്ന **2** വാക്കത്തി കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്.

**2. 10-12-2018** തിങ്കളാഴ്ച വൈകിട്ട് ജീവനക്കാരെല്ലാം സ്കൂൾവിട്ടു പോയ ശേഷം മാനേജരുടെയും ഇതര ഓഫീസ് ജീവനക്കാരുടെയും സാന്നിദ്ധ്യത്തിൽ പ്രധാന അദ്ധ്യാപികയെ വ്യക്തിപരമായി ഭീക്ഷണിപ്പെടുത്തകയും ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു.

**3.** താങ്കളുടെ പ്രവർത്തിമൂലം സ്കൂൾ അന്തരീക്ഷം സുഖകരമല്ലാത്തതിനാൽ

ടി.സി. വാങ്ങി കുട്ടികളെ വേറെ സ്കൂളിൽ ചേർക്കുന്നതിനെപ്പറ്റി രക്ഷിതാക്കൾ ആലോചിക്കുന്നതായി പി.ടി.എ. പ്രസിഡൻ്റും അറിയിച്ചിരുന്നു.

4. താങ്കളുടെ പ്രവർത്തിമൂലം അദ്ധ്യാപകർക്കും ഇതര ജീവനക്കാർക്കും സമാധാനപരമായി ജോലി ചെയ്യാൻ പറ്റാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു.

5. 09-08-2017 ൽ പേപ്പർകട്ടിംഗ് ബ്ലേഡ് കൊണ്ട് കൈത്തണ്ട് മുറിച്ച് മാനേജരുടെ മുറിയിൽ കയറി വാതിലടച്ചു ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും തുടർന്ന് നടന്ന പരിശോധനയിൽ ആത്മഹത്യ കുറിപ്പ് കണ്ടെത്തുകയും ചെയ്തു.

6. പെരുമ്പാവൂർ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പെരുമ്പാവൂർ പോലീസ് ഫയൽ ചെയ്ത 1141/17 ക്രൈമിൽ താങ്കൾ പ്രതിയാണ്.

7. 16-10-2017 ലെ താങ്കളുടെ പിതാവ് ശ്രീ.പി.ഒ എബ്രഹാം നല്കിയ കത്തിൽ നിന്നും മാനസിക പിരിമുറുക്കത്തിൻ്റെ പേരിൽ 5 പ്രാവശ്യം കൗൺസിലിംഗ് നടത്തി എന്നും മുമ്പ് ഉണ്ടായ പ്രവർത്തികളിൽ പശ്ചാതാപമുണ്ടെന്നും അറിയിച്ചിരുന്നങ്കിലും 10-12-2018 ൽ ഉണ്ടായ അനിഷ്ട സംഭവങ്ങളിൽ നിന്നും താങ്കളുടെ മാനസിക പിരിമുറുക്കത്തിൽ അയവു വന്നില്ലെന്നു ബലമായി സംശയിക്കുന്നു. സ്കൂൾ അന്തരീക്ഷത്തിന് യോജിക്കാത്ത തരത്തിലുള്ള പ്രവർത്തികൾ താങ്കളുടെ ഭാഗത്തു നിന്നുണ്ടായിരുന്നു. ഇതുമൂലം സ്കൂളിൻ്റെ സൽപേരിനു കളങ്കം ഉണ്ടായിരിക്കുന്നു.

iii) ടി കുറ്റപത്രത്തിൽ കുറ്റാരോപിതന് പ്രതിവാദ പത്രിക സമർപ്പിക്കുവാൻ അവസരവും നല്കിയില്ല, പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് മുമ്പ് ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിനുള്ള അവസരവും നല്കിയില്ല. ചട്ട പ്രകാരം കുറ്റാരോപിതന് ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിന് അവസരം നല്കേണ്ടതും മിനിമം 15 ദിവസത്തെ സമയം പ്രതിവാദ പത്രിക സമർപ്പിക്കുവാൻ അനുവദിക്കേണ്ടതുമായിരുന്നു. കുറ്റപത്രവും കുറ്റാരോപണ പത്രികയും നിലനിൽക്കെ കോതമംഗലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അന്വേഷിച്ച് ശ്രീ.ബിനോയ് എബ്രഹാം കുഴപ്പക്കാരനല്ല എന്ന് കണ്ടെത്തിയ കുറ്റം ഉൾപ്പടെ കൃത്യതയില്ലാത്തതും നേരത്തെ ഉന്നയിച്ച് അടിസ്ഥാനമില്ലാത്തതുമായ ഏതാനും ആരോപണങ്ങൾ കൂടി ഉന്നയിച്ച് 19-12-2019 തീയതി മറ്റൊരു കുറ്റപത്രവും കൂടി നല്കി. ടി കുറ്റപത്രത്തിൽ ഉന്നയിച്ച കുറ്റങ്ങൾ ചുവടെ ചേർക്കുന്നു.

"ശ്രീ.ബിനോയ് എബ്രഹാം എന്ന താങ്കൾ ഈ സ്കൂളിൽ ഓഫീസ് അറ്റൻൻറായി സേവനം അനുഷ്ഠിക്കവെ ഗുരുതരമായ ക്രിമിനൽ സ്വഭാവത്തോടു കൂടിയ അക്രമ പ്രവർത്തനങ്ങൾ, കൃത്യവിലോപങ്ങൾ, മേലധികാരികളെ ധിക്കരിക്കൽ, അനുസരണക്കേട്, അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ, മാരാകായുധങ്ങളോടുകൂടിയുള്ള ഭീഷണിപ്പെടുത്തൽ എന്നീ ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്യുന്നതിന് പുറമെ സ്കൂളിൻ്റെ സൽപേരിനെ കളങ്കപ്പെടുത്തുകയും ആയതിനാൽ രക്ഷാകർത്താക്കളിൽ നിന്നും പി.ടി.എ ഭാരവാഹികളിൽ നിന്നും താങ്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിരന്തരം

പരാതികൾ ലഭിച്ചുകൊണ്ടിരിക്കുകയുമാണ്."

iv) പ്രസ്തുത കുറ്റപത്രത്തിലെ പ്രധാനാരോപണം ഒരിക്കൽ അന്വേഷിച്ച് അടിസ്ഥാനമില്ലാത്ത ആരോപണമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. മറ്റുള്ള ആരോപണങ്ങൾ കൃത്യത ഇല്ലാത്തതുമാകുന്നു. ഒരിക്കൽ ഉന്നയിച്ച അതേ ആരോപണങ്ങൾ വീണ്ടും ഉന്നയിച്ച് അച്ചടക്ക നടപടി സ്വീകരിക്കുന്നത് ചട്ടവിരുദ്ധവും നിലനില്ക്കാത്തതുമാണ്. കൂടാതെ ഉന്നയിക്കുന്ന കുറ്റങ്ങൾ ഏതു തീയതിയിൽ എവിടെവച്ചു നടന്നെന്നോ, നടന്ന സമയമോ സ്ഥലമോ വ്യക്തമാക്കുന്നില്ല. ക്രിമിനൽ സ്വഭാവമുള്ള ആരോപണങ്ങൾ ഡിപ്പാർട്ടുമെന്റ് അധികാരികൾ പരിശോധിക്കുവാൻ പാടില്ലാത്തതും അത്തരം കുറ്റങ്ങൾ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി രജിസ്റ്റർ ചെയ്യുന്ന ക്രൈമിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ എവിഡൻസ് ആക്ട് പ്രകാരം തെളിവെടുപ്പു നടത്തി ഒരു ജുഡീഷ്യൽ മെജിസ്ട്രേട്ട് കോടതിയാണ് കുറ്റം തെളിഞ്ഞിട്ടുണ്ടോന്നോ ഇല്ലന്നോ പ്രഖ്യാപിക്കേണ്ടത്. പ്രസ്തുത കുറ്റ പത്രത്തിൽ ഉന്നയിച്ച കുറ്റങ്ങൾക്കൊന്നും ജുഡീഷ്യൽ പ്രൊസീഡിംഗസ് നിലവിൽ ഇല്ല. രണ്ട് കുറ്റപത്രത്തിനും കുറ്റാരോപണ പത്രികക്കും ശ്രീ.ബിനോയ് എബ്രഹാം മറുപടി നല്കി എങ്കിലും മറുപടി തൃപ്തികരമായി കാണാത്തതിനാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV A ചട്ടം 75 പ്രകാരം അന്വേഷണത്തിനായി കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസർക്ക് മാനേജർ പ്രൊപ്പോസൽ സമർപ്പിച്ചു.

v) മാനേജരുടെ ആരോപണങ്ങൾ അന്വേഷിക്കുന്നതിന് 11-03-2019 ൽ ഹാജരാകാൻ ശ്രീ.ബിനോയ് എബ്രഹാമിന് നോട്ടീസ് നല്കിയിരുന്നു. എന്നാൽ 11-03-2019 ൽ ടിയാൻ സ്ഥലത്തില്ലാതിരുന്നതിനാൽ തന്റെ പിതാവിനെ അന്വേഷണത്തിൽ പങ്കടുക്കുവാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചെങ്കിലും ജില്ലാ വിദ്യാഭ്യാസ ആഫീസർ സ്വീകരിച്ചില്ല. തുടർന്ന് 21-05-2019 ന് സ്കൂൾ ഓഫീസിൽ നേരിൽ കേൾക്കുന്നതിന് തീയതി നിശ്ചയിച്ചു. അന്നേ ദിവസം കൗൺസലിംഗ് സെൻ്ററിൽ ചികിത്സയിൽ ആയിരുന്നതിനാൽ ഹാജരാകാൻ കഴിഞ്ഞില്ല. കുറ്റാരോപിതനായ ശ്രീ.ബിനോയ് എബ്രഹാംമിന്റെ ഭാഗം കേൾക്കാതെയും, കുറ്റാരോപിതന് കുറ്റങ്ങൾ വായിച്ച് കേൾപ്പിക്കാതെയും കുറ്റാരോപിതന് ആവശ്യമായ ഡിഫൻസ് സാക്ഷികളെ ഹാജരാക്കാനോ മാനേജരെയും പ്രഥമാദ്ധ്യാപികയേയും ക്രോസ് എക്സാമിനേഷൻ നടത്താൻ അവസരം നല്കാതെയും കുറ്റപത്രത്തിൽ ഉന്നയിക്കാത്ത കുറ്റങ്ങൾപോലും തെളിഞ്ഞു എന്നാണ് ജില്ലാ വിദ്യാഭ്യാസ ആഫീസർ വ്യക്തമാക്കുന്നത്. കുറ്റാരോപിതനായ ശ്രീ.ബിനോയ് എബ്രഹാം മേശവലിപ്പിൽ സൂക്ഷിച്ചിരുന്ന 2 വാക്കത്തികൾ കണ്ടെത്തി എന്നാണ് കുറ്റാരോപണത്തിൽ പറയുന്നത്. എന്നാൽ രണ്ടു വാക്കത്തികൾ പരസ്യമായി എടുത്ത് മൂർച്ചകൂട്ടിയതും തുടർന്ന് അക്രമാസക്തനായതും തെളിഞ്ഞു എന്നാണ് അന്വേഷണ റിപ്പാർട്ട്. സ്കൂൾ

ആഫീസായാലും മറ്റ് സർക്കാർ ആഫീസുകളിലും ബ്ലേഡും, ചെറിയ കത്തിരിയും ചെറിയ കത്തിയും കുത്തു സൂചിയും സൂക്ഷിക്കുന്നത് സ്വാഭാവികമാണ്. അത്തരത്തിൽ 2 കത്തികൾ മേശവലിപ്പ് പരിശോധിച്ചപ്പോൾ കണ്ടെടുത്തു എന്നാണ് മാനേജർ ആരോപിക്കുന്നത്.

**vi)** ശ്രീ.ബിനോയ് എബ്രഹാമും പിതാവ് ശ്രീ.പി.ഒ. എബ്രഹാമും ചേർന്ന് പ്രഥമാദ്ധ്യാപികയെ തടഞ്ഞുവച്ചെന്നോ ഇഷ്ടിക കൊണ്ട് ഇടിക്കുവാൻ ശ്രമിച്ചെന്നോ ഉള്ള കുറ്റം മാനേജർ പോലും ഉന്നയിച്ചിട്ടില്ല. പി.ടി.എ പ്രസിഡന്റിന് അന്വേഷണ സമയത്ത് വിളിച്ചു വരുത്തിയില്ല. പ്രസിഡൻ്റിൻ്റെ മൊഴി രേഖപ്പെടുത്താതെ പി.ടി.എ പ്രസിഡന്റ് എഴുതി എന്നു പറയുന്ന കത്തുകാണിച്ചിട്ട് ശ്രീ.ബിനോയ് എബ്രഹാം കാരണം സ്കൂളിന്റെ സമാധാന അന്തരീക്ഷം ഇല്ലതായതായും അതിനാൽ കുട്ടികളെ മറ്റ് സ്കൂളുകളിൽ ചേർക്കുവാൻ തീരുമാനിച്ചതായും പി.റ്റി.എ പ്രസിഡന്റ് എഴുതി നല്കി എന്നതായിരുന്നു ആരോപണം, പി.റ്റി.എ പ്രസിഡൻ്റിനെ അന്വേഷണ സമയത്ത് വരുത്തി മൊഴി എടുക്കാതെ പ്രസ്തുത ആരോപണം തെളിഞ്ഞു എന്ന നിഗമനം ശുദ്ധ അബദ്ധവും ഒരു നിയമത്തിനും സാധൂകരിക്കുവാൻ കഴിയാത്തതുമാണ്.

**vii)** അഞ്ചാമത്തെ ആരോപണമായ **09-08-2017** ൽ സ്കൂൾ സ്റ്റാഫ് റൂമിൽ വെച്ച് നടന്ന യോഗത്തിൽ ശ്രീ.ബിനോയ് എബ്രഹാം ചർച്ചകൾക്കിടെ കട്ടിംഗ് ബ്ലേഡ് ഉപയോഗിച്ച് സ്വന്തം കൈത്തണ്ട മുറിച്ച് മാനേജരുടെ മുറിയിൽ കയറി വാതിൽ അടക്കുകയും ആത്മഹത്യ ഭീഷണി മുഴക്കി ഭീകരാന്തരീക്ഷം സൃഷ്ടിച്ച് സ്കൂൾ ജീവനക്കാരെ ചീത്ത വിളിച്ചിരുന്നു എന്നും ഇതിൻ്റെ അടിസ്ഥാനത്തിൽ മാനേജർ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചതിനെ തുടർന്ന് കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസർ അന്വേഷണം നടത്തി. അന്വേഷണത്തിൽ **16-11-2017** ൽ കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസർ എത്തിയത്, അടിസ്ഥാനപരമായി ശ്രീ.ബിനോയ് എബ്രഹാം കുഴപ്പക്കാരനല്ലെന്ന് എല്ലാ അദ്ധ്യാപകരും അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബിനോയ് എബ്രഹാംമിന്റെ വേലവിലക്ക് അവസാനിപ്പിച്ച് സർവ്വീസിൽതിരികെ പ്രവേശിപ്പിക്കുവാൻ നിർദ്ദേശിച്ചു. **16-11-2017** ൽ അന്വേഷിച്ച് അടിസ്ഥാനരഹിതം എന്ന് അന്ന് ബോദ്ധ്യപ്പെട്ട സംഭവം വീണ്ടും കുറ്റ പത്രത്തിലും കുറ്റാരോപണ പത്രികയിലും ഉൾപ്പെടുത്തിയത് ചട്ടവിരുദ്ധവും പ്രകൃതി നിയമത്തിനും സുപ്രീകോടതിയുടെ റൂളിംഗിന് വിരുദ്ധവുമാണ്. മാത്രമല്ല അഞ്ചാമത്തെ ആരോപണത്തെ കുറിച്ച് അന്വേഷിക്കേണ്ടത് പോലീസും ആരോപണം ശരിയല്ലെങ്കിൽ നിലനില്ക്കുന്നതല്ല എന്ന പ്രഖ്യാപിക്കേണ്ടത് ഇൻഡ്യൻ എവിഡൻസ് ആക്ട് പ്രകാരം തെളിവെടുപ്പ് നടത്തി ഒരു ജുഡീഷ്യൽ അധികാരിയാണ്.

**viii)** ആറാമത്തെ കുറ്റം ശ്രീ.ബിനോയ് എബ്രഹാം **1141/2017** നമ്പർ ക്രൈം കേസിൽ പ്രതിയാണെന്നാണ്. **1141/2017** കേസിൽ വിചാരണ തുടങ്ങി നടപടി

ക്രമങ്ങൾ പൂർത്തിയാകാതെയും ബഹു കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ് വിചാരണ പൂർത്തിയാക്കി ശ്രീ.ബിനോയ് എബ്രഹാം കുറ്റക്കാരനെന്ന് കണ്ടെത്താതെ കുറ്റം തെളിഞ്ഞെന്ന് ഒരു അന്വേഷണ ഉദ്യോഗസ്ഥന് കണ്ടെത്തുവാൻ കഴിയില്ല.

ix) ശ്രീ.ബിനോയ് എബ്രഹാം 5 പ്രാവശ്യം മാനസിക പിരിമുറുക്കത്തിന് കൗൺസലിംഗ് നടത്തിയതായ റിപ്പോർട്ട് ശരിയാണ്. മാനേജരുടെയും പ്രഥമാദ്ധ്യാപികയുടെയും മാനസിക പീഢനം അതിജീവിക്കുവാൻ എല്ലാവർക്കും കഴിയുന്നതല്ല. ഏഴാമത്തെ കുറ്റം തെളിഞ്ഞു എന്നു പറഞ്ഞാൽ അതിനെതിരെ മാനേജർക്കെതിരെയും പ്രഥമാദ്ധ്യാപിക യതിരെയുമാണ് നടപടി സ്വീകരിക്കേണ്ടത്

x) എട്ടാമതായി ശ്രീ.ബിനോയ് എബ്രാമിൻ്റെ സാന്നിദ്ധ്യം സ്കൂളിൽ സമാധാനപരമായ അന്തരീക്ഷത്തിൽ അദ്ധ്യായനം നടത്തുന്നതിന് കുട്ടികൾക്കും ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും സാധിക്കാത്ത സാഹചര്യം ഉണ്ടെന്നുള്ളത് തെളിഞ്ഞു എന്നു പറയുന്നത് ആരോപണം അന്വേഷിക്കാതെയാണ്. കുട്ടികൾക്ക് സമാധാനപരമായി പഠിക്കുവാൻ കഴിയുന്നില്ല എന്ന് ഏതെങ്കിലും ഒരു കുട്ടിയോ അവരുടെ രക്ഷാകർത്താക്കളോ മൊഴി നല്കിയിട്ടില്ല എന്നു മാത്രമല്ല ഇതു സംബന്ധിച്ച് വിദ്യാർത്ഥികളുടെയോ, രക്ഷാകർത്താക്കളുടെയോ അദ്ധ്യാപകരുടെയോ മൊഴിപോലും രേഖപ്പെടുത്തിയിട്ടില്ല. അദ്ധ്യാപകരും ജീവക്കാരും സ്റ്റേറ്റുമെൻ്റ് കൊടുത്തു എന്ന് പറയുന്നെങ്കിലും അന്വേഷണ റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

xi) 1141/2017 കേസിൽ ശ്രീ.ബിനോയി എബ്രഹാം പ്രതിയാണെന്നത് വെറും ആരോപണമാണ്. ഇപ്രകാരം പ്രതിയായാൽ അത് സ്കൂളിൻ്റെ സമാധാന അന്തരീക്ഷം ഇല്ലാതാക്കും എന്ന കണ്ടെത്തൽ ഏതെങ്കിലും നിയമത്തിൻ്റെ പിൻബലമില്ലാത്തതും ക്രമരഹിതവുമാണ്.

xii) 27-08-2020 സ.ഉ.(സാധാ)2509/20/പൊ.വി.വ ഉത്തരവനുസരിച്ച് 04-11-2020 ന് കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസർ നടത്തിയ അന്വേഷണവും ഹിയറിംഗ് മോഡലിൽ പ്രഹസനവും ഒരോ കുറ്റങ്ങളും പരാതിക്കാർ എഴുതി നല്കിയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞു എന്ന് രേഖപ്പെടുത്തി അന്വേഷണ റിപ്പോർട്ട് നല്കി. ആയത് ചട്ടം 75 പ്രകാരമുള്ള റിപ്പോർട്ടായി കണക്കാക്കുവാൻ കഴിയുന്നതല്ല. ടി അന്വേഷണ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ശ്രീ.ബിനോയ് എബ്രഹാമിന് സർവ്വീസിൽ നിന്നും പിരിച്ചുവിടാതിരിക്കുവാൻ കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ബിനോയി എബ്രഹാം കൃത്യമായ മറുപടി നല്കി. തുടർന്ന് സേവനത്തിൽ നിന്ന് പിരച്ചുവിടുന്നതു തടയണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹു കോടതിയിൽ ഹർജി സമർപ്പിച്ചിരുന്നു. പിരിച്ചുവിടൽ നടപടിക്രമങ്ങൾ തുടരാമെങ്കിലും ബഹു ഹൈക്കോടതിയുടെ അനുമതിയോടെ മാത്രമേ പിരിച്ചുവിടൽ പാടുള്ളു എന്ന് നിർദ്ദേശിച്ചിരിന്നു. തുടർന്ന് ബിനോയ്

എബ്രഹാമിനെ സർവ്വീസിൽ നിന്നും പിരിച്ചുവിടാൻ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം **XIVA** ചട്ടം **74** പ്രകാരം കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസർക്ക് അപേക്ഷ സമർപ്പിച്ചു. അപേക്ഷ പരിശോധിച്ച് ശ്രീ.ബിനോയി എബ്രഹാംമിനെ കേൾക്കുക കൂടി ചെയ്യാതെ ബഹു ഹൈക്കോടതിയുടെ അന്തിമ വിധിക്കു വിധേയമായി സർവ്വീസിൽ നിന്ന് പിരിച്ചുവിടാൻ അനുവാദം നല്കി. അതനുസരിച്ച് **11-02-2022** ലെ എ4/ഡി.പി./**2018** നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ബിനോയി എബ്രഹാമിനെ സർവ്വീസിൽനിന്ന് പിരിച്ചുവിട്ടു കൊണ്ട് മാനേജർ ഉത്തരവായി. ഈ ഉത്തരവിനെ ചോദ്യം ചെയ്തു കൊണ്ട് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജി അനുവദിച്ച് അന്വേഷണം നടത്തിയ ഉദ്യാഗസ്ഥൻ തന്നെ സർവ്വീസിൽ നിന്ന് പിരിച്ചുവിടാൻ അനുമതി നല്കിയത് ചട്ടവിരുദ്ധമെന്ന് കോടതി പ്രഖ്യാപിച്ചു.

**xiii)** തുടർന്ന് മാനേജരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ എറണാകുളം ഡി.ഡി **12-09-2022** ലെ ഉത്തരവ് പ്രകാരം പരാതികൾ ഗൗരവമുള്ളതും അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതുമാണെന്നുള്ളതിൻ്റെ അടിസ്ഥാനത്തിൽ ശ്രീ.ബിനോയി എബ്രഹാമിനെ സർവീസിൽ നിന്ന് പിരിച്ചുവിടാൻ അനുമതി നല്കി. **(05-09-2022** ഉം **12-09-2022** ഉം ഇടയിൽ **06-09-2022** എന്ന ഒരു ദിവസം മാത്രമേ പ്രവർത്തി ദിവസമുണ്ടായിരുന്നുള്ളു.) ഇവിടെ വിദ്യാഭ്യാസ ഉപ ഡയറക്ടർ ചട്ടം ലംഘിച്ച് കുറ്റാരോപിതന് കേൾക്കുക എന്ന പ്രാഥമിക തത്വംപോലും പാലിക്കാതെ അപേക്ഷ ലഭിച്ച് അത് പഠിച്ച് പരിശോധിക്കുവാനുള്ള സമയംപോലും എടുക്കാതെ രണ്ടാം ദിവസം ഉത്തരവ് നല്കി. ഇത്തരത്തിൽ പിരിച്ചുവിടാൻ അനുവാദം നല്കിയത് ഒരു സാമാന്യ നീതിക്കും ന്യായികരിക്കുവാൻ കഴിയാത്തതും ലജ്ജാകരവുമാണ്.. തുടർന്ന് മാനേജർ **17-12-2018** പ്രാബല്യത്തിൽ സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയും ചെയ്തു.

**xiv)** പിരിച്ചുവിടൽ നടപടിയ്ക്കതിരെ ശ്രീ.ബിനോയി എബ്രഹാം ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷന് അപ്പീൽ സമർപ്പിച്ചു എങ്കിലും പരാതിക്കാരൻ സമർപ്പിച്ച വസ്തുതകൾ പരിശോധിക്കാതെ ജില്ല വിദ്യാഭ്യാസ ആഫീസറുടെയും വിദ്യാഭ്യാസ ഉപ ഡയറക്ടറുടെയും ഉത്തരവുകൾ ശരിവക്കുകയായിരുന്നു. മുകളിൽ വിവരിച്ച വസ്തുതകൾ പരിശോധിച്ച് ശ്രീ. ബിനോയി എബ്രഹാംമിന് നീതി ഉറപ്പാക്കി ബഹു കോടതിയുടെ തീർപ്പിനായി കാത്തിരിക്കുന്ന കേസുകളുടെ അന്തിമ വിധിക്കു വിധേയമായി ശ്രീ.ബിനോയി എബ്രഹാംമിനെ സർവ്വീസിൽ പുനപ്രവേശിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

**xv)** ആരോപിക്കപ്പെട്ട കുറ്റങ്ങൾ ശ്രീ.ബിനോയി എബ്രഹാം അറിഞ്ഞോ അറിയാതെയോ ചെയ്തിട്ടുള്ളതല്ല. കുറ്റങ്ങളെല്ലാം കെട്ടിച്ചമച്ചതും ദുരുദ്ദേശത്തോടെ പ്രഥമാദ്ധ്യാപികയും മാനേജരും ചേർന്ന് കൃതൃമമായി ഉണ്ടാക്കിയതുമാണ്. പ്രസ്തുത കുറ്റങ്ങൾ സിവിൽ ഡിപ്പാർട്ടുമെൻ്റിൻ്റെ അന്വേഷണ പരിധിയിൽ വരുന്നതല്ല. മെറ്റീരിയൽ എവിഡൻസുകളും പോലീസ്

കണ്ടെത്തുന്ന ശാസ്ത്രീയ തെളിവിൻ്റെയും, സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ ഇൻഡ്യൻ എവിഡൻസ് ആക്ട് പ്രകാരം തെളിവെടുത്ത് ജുഡീഷ്യൽ അധികാരിയാണ് കുറ്റക്കാരനാണോ അല്ലയോ എന്ന് ഡിക്ലയർ ചെയ്യേണ്ടത്. എഫ്. ഐ. ആർ രജിസ്റ്റർ ചെയ്തതിൻ്റെ പേരിൽ ഒരു ജീവനക്കാരൻ കുറ്റക്കാരനാകുന്നില്ല.

**xvi)** അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് കുറ്റാരോപിതന്റെ അസാന്നിധ്യത്തിൽ അന്വേഷണം നടത്തിയാണ്. കുറ്റാരോപിതന് തൻ്റെ ഭാഗം സാക്ഷികളെ ഹാജരാക്കാനുള്ള അവസരം നല്കുകയോ കുറ്റാരോപിതന് പറയാനുള്ളത് കേൾക്കുകയോ ചെയ്തില്ല. ചട്ടം 75 ന്റെ ഉപ ചട്ടം 11 (എ) പ്രകാരം അന്വേഷണ റിപ്പോർട്ട് മാനേജർക്ക് നല്കിയ പ്രകാരം കുറ്റാരോപിതനും നല്കേണ്ടതാണ് കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസർ നടത്തിയത് വെറുമൊരു സ്കൂൾ ഇൻസ്പെക്ഷൻ മാത്രമാണ്.

**xvii)** വിദ്യാഭ്യാസ ഉപ ഡയറക്ടർ കുറ്റാരോപിതന് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം **XIVA** ചട്ടം **74** പ്രകാരം ടെർമിനേറ്റ് ചെയ്യുവാൻ ഉത്തരവ് നല്കുന്നതിന് മുമ്പ് ക്യാപിറ്റൽ പണിഷ്മെന്റ് നല്കുവാൻ പര്യാപ്തമായ കേസാണോ എന്ന് പരിശോധിച്ചതിനു ശേഷമാണ് അനുവാദം നല്കേണ്ടിയിരുന്നത്. ഇതൊന്നും പാലിക്കാതെ **05-09-2022** ൽ മുൻകൂർ അനുവാദം തേടി മാനേജർ സമർപ്പിച്ച അപേക്ഷ ഒന്നും പരിശോധിക്കാതെയും കുറ്റാരോപിതന് കേൾക്കാതെയും **7** ദിവസത്തിനിടയിലെ ഒരു പ്രവർത്തി ദിവസം കൊണ്ട് **12-09-2022** ൽ കുറ്റാരോപിതനായ ശ്രീ.ബിനോയി ബ്രഹാമിനെ സർവ്വീസിൽ നിന്നും പിരിച്ചുവിടാൻ അനുവാദം നല്കി. അടുത്ത രണ്ട് ദിവസത്തിനകം **14-09-2022** ൽ മാനേജർ ശ്രീ.ബിനോയി എബ്രഹാമിനെ പിരിച്ചുവിട്ട് ഉത്തരവാകുകയും ചെയ്തു.

**xviii)** കുറ്റാരോപിതനെ പിരിച്ചുവിടുന്നതിന് മുമ്പ് **01-01-2021** മുതൽ ശ്രീ.ബിനോയി എബ്രഹാമിൻ്റെ സ്ഥാനത്ത് ആൽബിൻ ഷാജ് എന്ന ഒരു ഫ്രഷ് ഹാൻഡിന് മാനേജർ എഫ്.റ്റി.എം. ആയി നിയമിച്ചിരുന്നു.

**xix)** ശ്രീ.ബിനോയി എബ്രഹാമിനെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത ഒരു കേസിൽ പോലും ശിക്ഷിയ്ക്കപ്പെട്ടിട്ടില്ല. ഫൈനൽ വിധി വന്ന **2** കേസുകളിൽ ശ്രീ.ബിനോയി എബ്രഹാമിനെ കുറ്റവിമുക്തനാക്കിയിട്ടുമുണ്ട്. ബാക്കിയുള്ള **2** കേസിൽ സെറ്റിൽമെൻ്റിന് അപേക്ഷ ബഹു കോടതിയിൽ പരാതിക്കാർ തന്നെ സമർപ്പിച്ചിട്ടുള്ളതാണ്.

**xx)** മുകളിൽ ചേർത്ത വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ കേസിന്റെ വസ്തുതകൾ മനസ്സിലാക്കി അന്വേഷണ റിപ്പോർട്ടും, ചട്ടം **74** പ്രകാരമുള്ള മുൻകൂർ അനുമതിയും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടുള്ള മാനേജരുടെ ഉത്തരവും റദ്ദ് ചെയ്ത് കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസറെ ഒഴിവാക്കി മറ്റേതെങ്കിലും ജില്ല വിദ്യാഭ്യാസ ആഫീസറെയോ, വിദ്യാഭ്യാസ ഉപ ഡയറക്ടറെയോ നിയോഗിച്ച് ചട്ടം**75** ൽ വ്യക്തമാക്കുന്ന രീതിയിൽ അന്വേഷണം നടത്തി മേൽ നടപടി

സ്വീകരിക്കണമെന്നും സർവ്വീസിൽ നിന്നും പുറത്താക്കിയ ശ്രീ.ബിനോയി എബ്രഹാംമിനെ അച്ചടക്ക നടപടിയുടെ ഫൈനൽ തീരുമാനത്തിന് വിധേയമായി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നല്കണമെന്നും അപേക്ഷിക്കുന്നു.

3. മാനേജറുടെ വാദങ്ങൾ

**i)** കോതമംഗലം ക്രാരിയേലി സെൻ്റ് മേരീസ് ഹൈസ്കൂൾ മാനേജർ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP© No.2784/2021,** ശ്രീ.ബിനോയ് എബ്രഹാം ഫയൽ ചെയ്ത **WP© No. 3589/2021, WP© No. 29913/2022,** സ്കൂൾ മാനേജരും ഓഫീസ് അറ്റൻറ്റ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. ആൽബിൻ ഷാജും യഥാക്രമം 1,2 ഹർജിക്കാരായി ഫയൽ ചെയ്ത **WP© No. 35070/2023** എന്നീ റിട്ട് ഹർജികളിലെ **16/02/2024**-ലെ സംയുക്തവിധിന്യായം പാലിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, സ്കൂൾ മാനേജർ, പ്രധാനാദ്ധ്യാപിക, ഓഫീസ് അറ്റന്റന്റ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ആൽബിൻഷാജ്, ശ്രീ.ബിനോയ് എബ്രഹാമിന്റെ പ്രതിനിധി എന്നിവരെയും നേരിൽ കേട്ടതിന് ശേഷമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ **09/12/2024**-ലെ **DGE/7225/2024-V.B.4** നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്.
പ്രസ്തുത കോടതിവിധിയിൽ ശ്രീ.ബിനോയ് എബ്രഹാമിനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടതിനെതിരെ ടിയാൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ **WP© No. 35070/2023** നമ്പർ റിട്ട് ഹർജിയിലെ രണ്ടാം ഹർജിക്കാരനായ ശ്രീ. ആൽബിൻ ഷാജിൻ്റെ നിയമനാംഗീകാര വിഷയത്തിൽ കോതമംഗലം ജില്ലാവിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും പ്രസ്തുത റിട്ട് ഹർജികളിലെ **16/02/2024**-ലെ പൊതുവിധിന്യായത്തിൽ വ്യക്തമാക്കിയിരുന്നതാണ്. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ **09/12/2024**-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ. ആൽബിൻ ഷാജിന്റെ നിയമനാംഗീകാര വിഷയത്തിൽ യാതൊരു തീരുമാനവും എടുത്തില്ല.
**ii)**എറണാകുളം ജില്ലയിലെ കോതമംഗലം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ക്രാരിയേലി സെൻ്റ് മേരീസ് ഹൈസ്കൂളിൽ ഓഫീസ് അറ്റന്റന്റ് തസ്ത്ികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ടി.എ. ഐസക് **30/06/2016**-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ എഫ്. ടി.എം ആയി സേവനത്തിൽ തുടർന്നിരുന്ന ശ്രീ.ബിനോയ് എബ്രഹാമിനെ മാനേജർ **01/07/2016** പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നല്കി ഓഫീസ് അറ്റൻറ്റ് തസ്തികയിൽ നിയമിച്ചു. എന്നാൽ ശ്രീ. ബിനോയ് എബ്രഹാമിൻ്റെ ഒ.എ

തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നിയമനം ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നില്ല. ഇതിനുശേഷം അച്ചടക്കനടപടിക്ക് വിധേയനായിരുന്ന ശ്രീ. ബിനോയ് എബ്രഹാം **18/12/2020** പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും രാജിവെച്ചു. രാജി ഒഴിവിൽ മാനേജർ **01/01/2021** പ്രാബല്യത്തിൽ എഫ്.ടി.എം തസ്തികയിൽ ശ്രീ ആൽബിൻ ഷാജിനെ നിയമിച്ചു. അച്ചടക്കനടപടിക്ക് വിധേയനായ ശ്രീ. ബിനോയ് എബ്രഹാമിന്റെ രാജിയോ **01/07/2016** മുതലുള്ള ഓഫീസ് അറ്റൻ്റൻ്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനമോ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശ്രീ. ആൽബിൻ ഷാജിന്റെ എഫ്.ടി.എം തസ്തികയിലെ നിയമനം കോതമംഗലം ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നില്ല.

**iii)** തുടർന്ന് ശ്രീ. ബിനോയ് എബ്രഹാമിൻ്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കുറ്റകൃത്യങ്ങളും അച്ചടക്കരാഹിത്യവും നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ള സാഹചര്യത്തിലും ടിയാൾക്ക് **01/07/2016** മുതൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ശുപാർശ പിൻവലിക്കാൻ അനുമതി നല്കണമെന്നാവശ്യപ്പെട്ട് വിശദമായ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കും പകർപ്പ് കോതമംഗലം ജില്ലാവിദ്യാഭ്യാസ ഓഫീസർക്കും **22/01/2021**-ൽ സമർപ്പിച്ചിരുന്നതാണ്.

**iv)** തുടർന്ന് സർക്കാരിൽ നിന്നും **S2/112/2019** നമ്പറായി ലഭ്യമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബിനോയ് എബ്രഹാമിന്റെ ഓഫീസ് അറ്റന്റൻററ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം മാനേജർ പിൻവലിച്ച നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച് ഉത്ത രവായിട്ടുള്ളതാണ്. തുടർന്ന് **01/01/2021** പ്രാബല്യത്തിൽ സ്കൂളിൽ എഫ്.ടി.എം തസ്തികയിൽ സേവനം അനുഷ്ഠിച്ചുവന്നിരുന്ന ശ്രീ. ആൽബിൻ ഷാജിനെ **02/05/2023** മുതൽ ഓഫീസ് അറ്റൻ്റൻ്റ് തസ്തികയിൽ മാനേജർ സ്ഥാനക്കയറ്റ നിയമനം നല്കി ഉത്തരവായിട്ടുള്ളതാണ്.

**v)** ശ്രീ.ബിനോയ് എബ്രഹാമിനെതിരെ സ്കൂളിൽ സ്ഫോടകവസ്തു എറിഞ്ഞ് നാശനഷ്ടങ്ങൾ ഉണ്ടാക്കുക, പ്രധാനാദ്ധ്യാപികയെ വാക്കത്തി എടുത്ത് ഭീഷണിപ്പെടുത്തുക, മാനേജരുടെ മുറിയിൽ പൂട്ടിയിടുക എന്നീ ഗുരുതരമായ അക്രമപ്രവൃത്തികളും കൂടാതെ ടിയാനെതിരെ വ്യാജവാറ്റ്, കത്തിക്കുത്ത്, പൊതുജനങ്ങൾക്ക് ജീവഹാനി വരുത്താനുള്ള ശ്രമങ്ങൾ എന്നീ ക്രിമിനൽ കുറ്റകൃത്യങ്ങളെ അടിസ്ഥാനമാക്കിയുള്ള കേസ്സുകളും നിലവിലുള്ളതിനാൽ ടിയാനെ സ്കൂളിൽ നിലനിർത്തുക അസാധ്യമായ സാഹചര്യത്തിൽ മാനേജർ ചട്ടപ്രകാരമുള്ള അച്ചടക്കനടപടികൾ ടിയാനെതിരെ സ്വീകരിക്കുകയും എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ മുൻകൂർ അനുമതി നേടിയ ശേഷം ടിയാനെ **17/12/2018** പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതാണ്. മാനേജരുടെ പ്രസ്തുത ഉത്തരവിനെതിരെ ടിയാൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ റിവിഷൻ ഹർജി ഫയൽ

ചെയ്യുവെങ്കിലും **09/12/2024**-ലെ ഡി.ജി.ഇ/**7225/2024** നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ ഹർജി നിരസിച്ച് **17/02/2018** മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകൊണ്ടുള്ള ഉത്തരവിന് പ്രാബല്യം നല്കുകയും ചെയ്തിട്ടുള്ളതാണ്.

**vi)** ആയതിനാൽ **17/12/2018** മുതൽ തന്നെ എഫ്.ടി.എം തസ്തികയിലെ ഒഴിവും **30/06/2016**-ൽ ശ്രീ. ടി.എ ഐസക് ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിന്നും വിരമിച്ച ഒഴിവും നിലനിൽക്കുന്നുണ്ട്. മേൽപ്പറഞ്ഞ തസ്തികകളിൽ നിമയിക്കപ്പെടുന്നതിന് അവകാശവാദം ഉന്നയിക്കുന്നതിന് മറ്റാരും തന്നെയില്ല. ആയതിനാൽ **01/01/2021** പ്രാബല്യത്തിലുള്ള ശ്രീ. ആൽബിൻ ഷാജിൻറെ എഫ്.ടി.എം തസ്തികയിലെ ആദ്യ നിയമനവും തുടർന്ന് **02/05/2023** പ്രാബല്യത്തിലുള്ള ഓഫീസ് അറ്റന്റന്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനവും അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം കോതമംഗലം ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നല്കി സർക്കാർ തലത്തിൽ ഉത്തരവാകണം.

**4.** കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ അഭിപ്രായം

**i)** കെ.ഇ.ആർ. അദ്ധ്യായം.**XIV** എ ചട്ടം.**75** പ്രകാരം കോതമംഗലം ഡി.ഇ.ഓ. **11/03/2019** തീയതിയിൽ സ്കൂൾ സന്ദർശിച്ച് വിശദമായ ഒരു അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണവേളയിൽ സ്കൂൾ പ്രധാനാധ്യാപിക, മാനേജർ, അധ്യാപക/അനധ്യാപക ജീവനക്കാർ എന്നിവർ ഹാജരായിരുന്നു. അറിയിപ്പ് നൽകിയിരുന്നു എങ്കിലും ശ്രീ.ബിനോയ് എബ്രഹാം അന്വേഷണത്തിന് ഹാജരായിരുന്നില്ല. തുടർന്ന് ശ്രീ.ബിനോയ് എബ്രഹാമിന് അന്വേഷണത്തിൽ പങ്കെടുക്കുന്നതിന് മറ്റൊരു തീയതി അനുവദിച്ചു നൽകി എങ്കിലും **(21/05/2019** ന്) ടിയാന് അന്നേദിവസവും ഹാജരാകാൻ സാധിച്ചില്ല. തുടർന്ന് അന്വേഷണത്തിൽ പങ്കെടുത്ത മാനേജരുടെയും സ്കൂൾ ജീവനക്കാരുടെയും മൊഴികളുടെ അടിസ്ഥാനത്തിൽ ശ്രീ.ബിനോയ് എബ്രഹാമിന് എതിരായ മാനേജരുടെ എല്ലാ കുറ്റാരോപണങ്ങളും ശരിയാണെന്ന് കോതമംഗലം ഡി.ഇ.ഓ. കണ്ടെത്തുകയും ചെയ്തു.

**ii)** തുടർന്ന് കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിശദാന്വേഷണത്തിന്റെ റിപ്പോർട്ട് ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശത്തോട് കൂടി സ്കൂൾ മാനേജർക്ക് നൽകുകയും ചെയ്തു. തുടർന്ന് ശ്രീ.ബിനോയ് എബ്രഹാമിനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മുൻകൂർ അനുമതിക്കായി മാനേജർ സമർപ്പിച്ച അപേക്ഷ, കെ.ഇ.ആർ. അധ്യായം **14** എ ചട്ടം **74** പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് മടക്കി നൽകി. തുടർന്ന് ടി വിഷയത്തിൽ ശ്രീ.ബിനോയ് എബ്രഹാം

ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റിഷൻ നം. 13387/2022- ന്മേൽ 24.08.2022 തീയതി പ്രകാരം ഉണ്ടായിട്ടുള്ള വിധിന്യായത്തിൽ, കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 75(11) പ്രകാരം മുൻകൂർ അനുമതിയ്ക്കായുള്ള അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ സമർപ്പിക്കുവാൻ മാനേജർക്ക് ബഹു.കോടതി നിർദ്ദേശം നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.ബിനോയ് എബ്രഹാമിനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള മുൻകൂർ അനുമതി ആവശ്യപ്പെട്ടുള്ള മാനേജരുടെ അപേക്ഷ 05.09.2022- ൽ ലഭിക്കുകയും ടി അപേക്ഷ കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം പരിശോധിച്ചു. ടി അന്വേഷണറിപ്പോർട്ടിൽ മാനേജർ ശ്രീ.ബിനോയ് എബ്രഹാമിനെതിരെ ഉന്നയിക്കുന്ന എട്ടു ആരോപണങ്ങളും ശരി ആണെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ.ബിനോയ് എബ്രഹാമിനെതിരെ, കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം തെളിയിക്കപ്പെട്ട ആരോപണങ്ങൾ എല്ലാം അത്യന്തം ഗൌരവതരമായതിനാൽ കടുത്ത അച്ചടക്ക നടപടി ആവശ്യമാണെന്ന മാനേജരുടെ അപേക്ഷ പരിഗണിച്ച് കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 75(11) ലെ വ്യവസ്ഥകൾക്കനുസരിച്ച്, ശ്രീ.ബിനോയ് എബ്രഹാമിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് മാനേജർക്ക് മുൻകൂർ അനുമതി നൽകുകയും ചെയ്തു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ, ശ്രീ ബിനോയ് അബ്രഹാമിനെ, ടിയാനെ വേലവിലക്കിയ തീയതിയായ 17/12/2018 പ്രാബല്യത്തിൽ ഉത്തരവ് നം.എം4/ഡി.പി/2018 തീയതി 14/09/2022 പ്രകാരം സേവനത്തിൽനിന്നും പിരിച്ചുവിടുകയും ചെയ്തു.

iii) ശ്രീ.ബിനോയ് എബ്രഹാം ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റിഷൻ നം. 13387/2022- ന്മേൽ 24/08/2022 തീയതി പ്രകാരമുള്ള വിധിന്യായത്തിലാണ്, കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 75(11) പ്രകാരം മുൻകൂർ അനുമതിയ്ക്കായുള്ള അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ സമർപ്പിക്കുവാൻ മാനേജർക്ക് ബഹു.കോടതി നിർദ്ദേശം നൽകിയത്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ 2 ആഴ്ചയക്കകം വിദ്യാഭ്യാസ ഉപഡയറക്ടർ തീരുമാനം എടുക്കണം എന്നും ബഹു.കോടതി നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവ് അഡ്വക്കേറ്റ് ജനറലിന്റെ കാരായലത്തിൽ നിന്നും സ്പീഡ് പോസ്റ്റ് മുഖേന 29/08/2022 ൽ ഈ കാര്യാലയത്തിൽ ലഭിച്ചു. ശ്രീ.ബിനോയ് എബ്രഹാമിനെ സേവനത്തിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള മുൻകൂർ അനുമതിക്കായുള്ള മാനേജരുടെ അപേക്ഷ 05/09/2022 ന് ലഭിച്ചു. (ബഹു.കോടതിയുടെ ഉത്തരവ് പ്രകാരം മാനേജരുടെ അപേക്ഷയിൽ 12/09/2022 നകം തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്.) മാനേജരുടെ അപേക്ഷയും അനുബന്ധരേഖകളും പ്രത്യേകിച്ച് കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും വിശദമായി പരിശോധിച്ചാണ് ശ്രീ.ബിനോയ് എബ്രഹാമിനെ

സേവനത്തിൽ നിന്നും നീക്കാൻ അനുമതി നൽകിയത്. കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ.ബിനോയ് എബ്രഹാമിന് എതിരായ മാനേജരുടെ എല്ലാ കുറ്റാരോപണങ്ങളും ശരിയാണെന്ന് കണ്ടെത്തിയിരുന്നു.

iv) കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം. 75 നോട്ട്. 10 (സി) പ്രകാരം "**On receipt of the representation, if any and after taking into consideration the representation, final orders shall be passed by the manager imposing the penalty with the previous sanction of the competent authority.**" അതായത് മേജർ പണിഷ്മെന്റ് നൽകുന്നതിനു മുൻപായി മാനേജർ കോംപീറ്റൻ്റ് അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങണം എന്ന് മാത്രമേ നിഷ്കർഷിച്ചിട്ടുള്ളു. കൂടാതെ മുൻകൂർ അനുമതി നൽകുന്നതിനു മുൻപായി ആയത് നൽകുന്ന അധികാരി കുറ്റാരോപിതനെ നേരിൽ കേൾക്കണം എന്ന് കെ.ഇ.ആർ. ചട്ടങ്ങളിൽ ഒന്നും നിഷ്കർഷിച്ചിട്ടില്ല. അതിനാൽ തന്നെ കുറ്റാരോപിതനെ നേരിൽ കേൾക്കണോ എന്നത് മുൻകൂർ അനുമതി നൽകുന്ന അധികാരിയുടെ വിവേചനാധികാരമായി കാണാവുന്നതാണ്. ശ്രീ.ബിനോയ് എബ്രഹാമിനെ സേവനത്തിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള മുൻകൂർ അനുമതി നൽകിയ കാര്യത്തിൽ ടിയാനെതിരായ എല്ലാ ആരോപണങ്ങളും സംശയലേശമന്യേ തെളിഞ്ഞതായി കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം മനസിലാക്കിയിട്ടുള്ളതും കൂടാതെ മാനേജരുടെ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിനു ബഹു.കോടതി 2 ആഴ്ച സമയമേ അനുവദിച്ചിരുന്നുള്ളു എന്നതിനാൽ മാനേജരുടെ അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതിന് അനാവശ്യമായ തിടുക്കം കാണിച്ചു എന്ന ശ്രീ.ബിനോയ് അബ്രഹാമിന്റെ വാദം അടിസ്ഥാനരഹിതമാണ്. കെ.ഇ.ആർ. ചട്ടങ്ങൾ, റിട്ട് പെറ്റിഷൻ നം. 13387/2022- ന്മേൽ 24.08.2022 തീയതി പ്രകാരമുള്ള വിധിന്യായം എന്നിവ പാലിച്ച് കൊണ്ടും കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പരിഗണിച്ചുകൊണ്ടും മാത്രമാണ് ടി കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം

i) കെ.ഇ.ആർ അധ്യായം XIVA ചട്ടം 75 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല എന്നാണ് ശ്രീ.ബിനോയ് എബ്രഹാം ആരോപിക്കുന്നത്. എന്നാൽ, കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 11/03/2019 തീയതിയിൽ സ്കൂളിൽവച്ച് നടത്തിയ അന്വേഷണത്തിന് ഹാജരാകുന്നതിനായി ശ്രീ.ബിനോയ് എബ്രഹാമിന് അറിയിപ്പ് നൽകിയെങ്കിലും ടിയാൻ ഹാജരായില്ല എന്നും തുടർന്ന് 21/05/2019 തീയതിയിൽ ഹാജരാകാൻ വീണ്ടും അറിയിപ്പ്

നൽകിയെങ്കിലും ടിയാൻ അന്നേ ദിവസവും ഹാജരായില്ല എന്നും എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ച ഹിയറിംഗ് നോട്ടിൽ നിന്നും വ്യക്തമാകുന്നു. രണ്ടു തവണ അവസരം നൽകിയിട്ടും ഹാജരാകാതിരിക്കുകയും പിന്നീട് അപ്പീൽ നൽകുമ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല എന്നു ആരോപണമുയർത്തുന്നതും ടിയാൻ്റെ ഭാഗത്തു നിന്നുള്ള മനഃപൂർവ്വമായ വീഴ്ചയായി കാണേണ്ടി വരും.

**ii)** സേവനത്തിൽ നിന്ന് പിരിച്ചു വിട്ടതിനെതിരെ ശ്രീ. ബിനോയ് എബ്രഹാം പല തവണ ബഹു. ഹൈക്കോടതിയെ സമീപിച്ചിരുന്നു. കൂടാതെ റിട്ട് ഹർജി (സിവിൽ) നം.**3589/2021** മേൽ കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ടിയാനെ പുറത്താക്കുന്നതിന് അനുമതി നല്ലിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചില്ല എങ്കിൽ അക്കാര്യം സംബന്ധിച്ച് കോടതിവിധികളിൽ പരാമർശം ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ ആയത് ഉണ്ടായിട്ടില്ല എന്നതിനാൽ നടപടിക്രമം പാലിച്ചില്ല എന്ന മേൽ ആരോപണം നിലനിൽക്കുന്നതല്ല എന്ന് ബോധ്യമാകുന്നതാണ്. ദീർഘകാലത്തിന് ശേഷം ശ്രീ. ബിനോയ് എബ്രഹാമിൻ്റെ ആരോപണം മാത്രം കണക്കിലെടുത്ത് പുറത്താക്കൽ നടപടി റദ്ദ് ചെയ്ത്, പുതുതായി അച്ചടക്ക സ്വീകരിക്കുന്നതും ഉചിതമല്ല. ഈ സാഹചര്യത്തിൽ ശ്രീ: ബിനോയ് എബ്രഹാമിനെ സേവനത്തിൽ നിന്നും നീക്കം ചെയ്ത മാനേജരുടെ നടപടി ക്രമപ്രകാരം ആണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബിനോയ് എബ്രഹാം സമർപ്പിച്ച എക്സിബിറ്റ് ആർ-**5 (b)** റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് കൊണ്ടും, സെൻ്റ് മേരീസ് ഹൈസ്കൂൾ ക്രാരിയേലി മാനേജർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജികൾ (സിവിൽ) നമ്പർ **27884/21, 35070/23,** ടി സ്കൂളിലെ ഒ.എ ശ്രീ: ബിനോയി എബ്രഹാം ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നമ്പർ **3589/21, 29913/22** എന്നിവയുടെ മേൽ **16/02/2024** തീയതിയിൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പൊതുവിധിന്യായം നടപ്പിൽ വരുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**6.** അന്വേഷണ റിപ്പോർട്ടും, ചട്ടം **74** പ്രകാരമുള്ള മുൻകൂർ അനുമതിയും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടുള്ള മാനേജരുടെ ഉത്തരവും റദ്ദ് ചെയ്ത് കോതമംഗലം ജില്ല വിദ്യാഭ്യാസ ആഫീസറെ ഒഴിവാക്കി മറ്റേതെങ്കിലും ജില്ല വിദ്യാഭ്യാസ ആഫീസറെയോ, വിദ്യാഭ്യാസ ഉപ ഡയറക്ടറെയോ നിയോഗിച്ച് ചട്ടം75 ൽ വ്യക്തമാക്കുന്ന രീതിയിൽ അന്വേഷണം നടത്തി മേൽ നടപടി സ്വീകരിക്കണമെന്നും സർവ്വീസിൽ നിന്നും പുറത്താക്കിയ തന്നെ അച്ചടക്ക നടപടിയുടെ ഫൈനൽ തീരുമാനത്തിന് വിധേയമായി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നല്കണം എന്നുമാണ് റിവിഷൻ പെറ്റീഷനിലെ ആവശ്യം . ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ അഭിപ്രായങ്ങൾ, ലഭ്യമായ രേഖകൾ, കോടതി

വിധികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു.

**7.** തനിക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത ഒരു കേസിൽ പോലും ശിക്ഷിയ്ക്കപ്പെട്ടിട്ടില്ല എന്നും ഫൈനൽ വിധി വന്ന **2** കേസുകളിൽ തന്നെ കുറ്റവിമുക്തനാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള **2** കേസിൽ സെറ്റിൽമെൻ്റിന് പരാതിക്കാർ തന്നെ കോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ടിയാന്റെ റിവ്യൂ പെറ്റീഷനിൽ പറയുന്നു. ആയതിൽ നിന്നും ടിയാനെ ശിക്ഷിക്കപ്പെട്ടിട്ടില്ലായെങ്കിലും വിവിധ ക്രിമിനൽ കേസുകളിൽ പ്രതി ചേർക്കപ്പെട്ടിരുന്നു എന്നു വ്യക്തമാകുന്നതാണ്. കൂടാതെ ടിയാൻ **5** തവണ മാനസിക പിരിമുറുക്കത്തിന് കൗൺസലിംഗിന് വിധേയനായിട്ടുണ്ടെന്നും ടിയാന് **42%** മാനസിക പ്രശ്നമുള്ളതായി മെഡിക്കൽ സർട്ടിഫിക്കറ്റും ലഭ്യമായിട്ടുണ്ടെന്നും ടിയാൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അനേകം കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിലാണ് ടിയാൻ ജോലി ചെയ്തിരുന്നത് എന്ന വസ്തുത ശ്രദ്ധേയമാണ്.

**8.** കെ.ഇ.ആർ അധ്യായം **XIVA** ചട്ടം **75** പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല എന്നാണ് ശ്രീ.ബിനോയ് എബ്രഹാം ആരോപിക്കുന്നത്. **11/03/2019, 21/05/2019** എന്നിങ്ങനെ **2** തീയതികളിൽ ടിയാന് അന്വേഷണത്തിന് ഹാജരാകുവാൻ അവസരം നൽകിയെങ്കിലും ടിയാൻ ആയത് വിനിയോഗിക്കാതെ ഇരിക്കുകയും പിന്നീട് തന്റെ ഭാഗം കേൾക്കാതെയാണ് അന്വേഷണം പൂർത്തിയായത് എന്നാരോപിക്കുന്നതും അംഗീകരിക്കുവാൻ സാധിക്കില്ല.

**9.** ഈ വിഷയത്തിൽ നിരവധി കോടതി കേസുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ടിയാനെതിരായ അച്ചടക്ക നടപടി റദ്ദ് ചെയ്യുകയോ സ്റ്റേ ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. ടിയാനെതിയായ അച്ചടക്ക നടപടി പൂർത്തിയാക്കിയതിൽ നടപടിക്രമങ്ങളിൽ വീഴ്ച വന്നതായി കാണുന്നില്ല. കൂടാതെ ചട്ടം **75** ന്റെ ഉപ ചട്ടം **11** (എ) പ്രകാരം അന്വേഷണ റിപ്പോർട്ട് മാനേജരാണ് കുറ്റാരോപിതന് നൽകേണ്ടത് അന്വേഷണ ഉദ്യോഗസ്ഥനല്ല.

**10.** ശ്രീ.ബിനോയ് എബ്രഹാമിനെ സേവനത്തിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള മുൻകൂർ അനുമതി നൽകിയ കാര്യത്തിൽ അന്വേഷണ റിപ്പോർട്ട് പ്രകാരം പ്രസ്തുത അച്ചടക്ക നടപടിയിലെ ആരോപണങ്ങൾ സംബന്ധിച്ച് വ്യക്തമായിട്ടുള്ളതിനാലും മാനേജരുടെ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിനു ബഹു.കോടതി **2** ആഴ്ച സമയമേ അനുവദിച്ചിരുന്നുള്ളു എന്നതിനാൽ സമയ ബന്ധിതമായി നടപടി പൂർത്തികരിക്കേണ്ട സാഹചര്യം നിലനിന്നതിനാലുമാണ് എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടർ അടിയന്തിരമായി അനുമതി നൽകിയതെന്നു കാണുന്നു.

**11.** ആയതിനാൽ കെ.ഇ.ആർ അധ്യായം **XIVA** ചട്ടം **75** പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് മാനേജർ പുറപ്പെടുവിച്ച അച്ചടക്ക നടപടി റദ്ദ് ചെയ്യേണ്ട സാഹചര്യമുണ്ടെന്നു കാണുന്നില്ല.മേൽ സാഹചര്യത്തിൽ, ശ്രീ.ബിനോയ് എബ്രഹാം സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ANITHA RAJ V**

അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.ബിനോയി എബ്രഹാം, പടിക്കക്കുടി ഹൌസ്,കൊമ്പനാട് പി.ഒ,

എറണാകുളം പിൻ **683546**

മാനേജർ,സെൻറ് മേരീസ് ഹൈസ്കൂൾ,ക്രാരിയേലി, കൊമ്പനാട്

പി.ഒ,എറണാകുളം **683546**

വിദ്യാഭ്യാസ ഉപ ഡയറക്ടർ,എറണാകുളം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,കോതമംഗലം

അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ് (എ& ഇ) കേരള, തിരുവനന്തപുരം

വെബ് (ന്യു മീഡിയ/കൈറ്റ്സ്)

സ്റ്റോക്ക് ഫയൽ/ഒാഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 14-07-2025 15:38:01

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്